**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2249** **03-03-2025 - ൽ മറുപടിയ്ക്ക്**

**പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ വിമുക്തി ഡി-അഡിക്ഷൻ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം മണ്ഡലത്തിലെ പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ വിമുക്തി ഡി-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ; | (എ) | വാമനപുരം മണ്ഡലത്തിലെ പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ വിമുക്തി ഡി-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടില്ല. പുതുതായി ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. |
| (ബി) | പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളതെന്നും ഇതിനായി നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രസ്തുത പദ്ധതിക്കായി വിമുക്തി മിഷൻ സംവിധാനങ്ങളൊന്നും സജ്ജീകരിച്ചിട്ടില്ലാത്തിനാൽ അതിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ? | (സി) | പുതിയ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പദ്ധതി ആരംഭിക്കാനാവൂ. |

സെക്ഷൻ ഓഫീസർ